ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:14.05.2024

## പ്രധാനവാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഏഴാമത്തെയും അവസാനത്തെയും ഘട്ടത്തിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചു ; പ്രചാരണം ഊർജിതമാക്കി മുന്നണികൾ.

2. സംസ്ഥാനത്ത് മഞ്ഞപ്പിത്തം പടരുന്ന സാഹചര്യത്തിൽ അതീവ ജാഗ്രത പാലിക്കണമെന്ന് മന്ത്രി വീണാ ജോർജ്; പ്രതിരോധ പ്രവർത്തനം ശക്തമാക്കാൻ നിർദ്ദേശം.

3. ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് ഡ്രൈവിംഗ് സ്കൂൾ ഉടമകളുടെ വിവിധ യൂണിയനുകളുമായി സർക്കാർ നാളെ ചർച്ച നടത്തും.

4. സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് പരാതികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജനങ്ങൾ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് കേന്ദ്രത്തിൻറെ മുന്നറിയിപ്പ്.

5. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്; ഇടുക്കി , പത്തനംതിട്ട ജില്ലകളിൽ ഓറഞ്ച് ജാഗ്രത. മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

6. ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി കാപ്പിറ്റൽസ് - ലക്നൗ സൂപ്പർ ജയൻറ്സ് പോരാട്ടം.

**************************************

<u>നാമനിർദ്ദേശ പത്രിക</u>

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഏഴാമത്തെയും അവസാനത്തെയും ഘട്ടത്തിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചു. പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെ നടക്കും. വെള്ളിയാഴ്ചയാണ് നാമനിർദ്ദേശപത്രിക പിൻവലിക്കാനുള്ള അവസാനദിനം. ഏഴു സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തിലെയും 57 മണ്ഡലങ്ങളിലാണ് ഏഴാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക. ജൂൺ ഒന്നിനാണ് ഏഴാം ഘട്ടത്തിലെ വോട്ടെടുപ്പ്.

RNU TVPM

**************************************

<u>തിരഞ്ഞെടുപ്പ്</u>

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ശേഷിക്കുന്ന മൂന്ന് ഘട്ടങ്ങളിലെ പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ പ്രചാരണത്തിൽ സജീവമാണ്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് വാരാണസിയിൽ പത്രിക സമർപ്പിച്ചു. ഝാർഖണ്ഡിലെ കൊഡെർമയിൽ പ്രധാനമന്ത്രി പൊതുസമ്മേളനത്തിൽ പങ്കെടുത്തു. ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നദ്ദയും ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥും ഇന്ന് അമേഠിയിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ ഉത്തർപ്രദേശിലെ മഹാരാജ്ഗഞ്ചിൽ പ്രചാരണപരിപാടിയിൽ പങ്കെടുത്തു. എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി ഇന്ന് അമേഠിയിലും രാഹുൽ ഗാന്ധിയും സമാജ്

വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവും ഝാൻസിയിലും പ്രചാരണം നടത്തും.

*****************************************

## <u>മഞ്ഞപ്പിത്തം</u>

സംസ്ഥാനത്ത് മഞ്ഞപ്പിത്തം പടരുന്ന സാഹചര്യത്തിൽ അതീവ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. മലപ്പുറം, എറണാകുളം, കോഴിക്കോട്, തൃശൂർ ജില്ലകളിൽ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാൻ മന്ത്രി നിർദേശം നൽകി. മലപ്പുറം ചാലിയാർ, പോത്തുകൽ പ്രദേശങ്ങളിൽ സ്വീകരിച്ചിരുന്ന പ്രതിരോധ-അവബോധ പ്രവർത്തനങ്ങൾ വിലയിരുത്തി കർമപദ്ധതി രൂപീകരിച്ചു. മഞ്ഞപ്പിത്തത്തിന് സ്വയം ചികിത്സ പാടില്ലെന്നും രോഗ ലക്ഷണങ്ങൾ കണ്ടാൽ ശാസ്ത്രീയ ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

*****************************************

## <u>ഡ്രൈവിംഗ് സ്കൂൾ - ചർച്ച</u>

ഡ്രൈവിംഗ് സ്കൂൾ ഉടമകളുടെ വിവിധ യൂണിയനുകളുമായി സർക്കാർ നാളെ ചർച്ച നടത്തും. ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാറിന്റെ നേതൃത്വത്തിലാണ് ചർച്ച. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിലെ ഗതാഗത മന്ത്രിയുടെ ചേമ്പറിൽ വൈകുന്നേരം 3 മണിക്കാണ് ചർച്ച. ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കരണത്തിനെതിരെ ഡ്രൈവിംഗ് സ്കൂൾ ഉടമകളുടെ നേതൃത്വത്തിൽ പ്രതിഷേധ സമരം തുടരുന്ന സാഹചര്യത്തിലാണ് യോഗം വിളിച്ചത്.

*****************************************

RNUTVPM

**ഇരട്ടയാർ**

ഇടുക്കി ഇരട്ടയാറിൽ പോക്സോ കേസിലെ അതീജീവിതയായ 17 വയസുകാരിയെ വീട്ടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തി. കഴുത്തിൽ ബെൽറ്റ് മുറുക്കിയ നിലയിലായിരുന്നു മൃതദേഹം കണ്ടെത്തിയത്. പെൺകുട്ടിയുടെ അമ്മയാണ് മൃതദേഹം ആദ്യം കണ്ടത്. സംഭവം കൊലപാതകമാണെന്ന് സംശയിക്കുന്നതായി കട്ടപ്പന പൊലീസ് അറിയിച്ചു. രണ്ട് വർഷം മുമ്പ് രജിസ്റ്റർ ചെയ്ത പോക്സോ കേസിലെ അതിജീവിതയാണ് മരിച്ചത്. ഈ കേസിൽ അന്വേഷണം നടന്നുവരികയാണ്. സമീപത്തെ സി സി ടി വി കൾ അടക്കം കേന്ദ്രീകരിച്ച് പോലീസ് അന്വേഷണം തുടങ്ങിയിട്ടുണ്ട്.

*****************************************

**പക്ഷിപ്പനി .... ഇൻട്രോ**

പക്ഷിപ്പനിയെത്തുടർന്ന് പത്തനംതിട്ട നിരണം താറാവ് വളർത്തൽ കേന്ദ്രത്തിലെ താറാവുകളെ ഇന്ന് കൊന്ന് മറവു ചെയ്തു. ഒരാഴ്ചകൊണ്ട് ഫാമിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള വളർത്തു പക്ഷികൾക്ക് ദയാവധം നടത്തും. പക്ഷിപ്പനിയുടെ പശ്ചാത്തലത്തിൽ വിവിധ വകുപ്പുകൾ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....**

( വോയിസ് )

*****************************************

**സംസ്ഥാന മന്ത്രിസഭായോഗം**

സംസ്ഥാന മന്ത്രിസഭായോഗം നാളെ രാവിലെ ചേരുമെന്ന് റിപ്പോർട്ട്. മുഖ്യമന്ത്രി പിണറായി വിജയൻ വിദേശത്തായതിനാൽ ഓൺലൈനായാണ് യോഗം ചേരുക. മുഖ്യമന്ത്രിയുടെ യാത്രയുടെ

RNU TVPM

പശ്ചാത്തലത്തിൽ കഴിഞ്ഞ ആഴ്ച മന്ത്രിസഭാ യോഗം മാറ്റി വച്ചിരുന്നു.

*********************************************

## സൈബർ ക്രൈം

സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് പരാതികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജനങ്ങൾ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് കേന്ദ്രത്തിൻറെ മുന്നറിയിപ്പ്. ഏതെങ്കിലും തരത്തിൽ സൈബർ തട്ടിപ്പുകൾക്കോ ഭീഷണികൾക്കോ ഇരയായാൽ സൈബർ ക്രൈം വിഭാഗവുമായി ബന്ധപ്പെടണമെന്ന് നിർദ്ദേശമുണ്ട്. ഇത്തരത്തിലുള്ള ഫോൺ കോളുകളോ ഇ മെയിലുകളോ ലഭിച്ചാൽ ഉടൻ സൈബർ ക്രൈം ഹെൽപ് ലൈൻ നമ്പറായ 1930 എന്ന നമ്പറിലോ www.cybercrime.gov.in എന്ന വെബ് സൈറ്റുമായോ ബന്ധപ്പെടണം.

*********************************************

## ഇൻറ്റഗ്രേറ്റഡ് കോഴ്സ് - ഇൻട്രോ

കേരളത്തിലാദ്യമായി ആന്ത്രോപോളജിക്കൽ സയൻസസിൽ പഞ്ചവത്സര ഇൻറ്റഗ്രേറ്റഡ് ബിരുദാനന്തര ബിരുദ കോഴ്സിന് കണ്ണൂർ സർവ്വകലാശാല തുടക്കമിടുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

(വോയ്സ്)

*********************************************

## മഴ മുന്നറിയിപ്പ്

സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇടുക്കി-പത്തനംതിട്ട ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. എട്ട് ജില്ലകളിൽ

RNU TVPM

മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ മഞ്ഞ ജാഗ്രതയായിരിക്കും. കേരള- ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

************************************

**കള്ളക്കടൽ ജാഗ്രത നിർദേശം**

കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി ഇന്ന് രാത്രി 11.30 വരെ കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതായി ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കടൽക്ഷോഭം രൂക്ഷമാകാൻ ഇടയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കണമെന്നും മുന്നറിയിപ്പുണ്ട്.

RNU TVPM

************************************

**സ്പെഷ്യൽ കൺട്രോൾ റൂം**

കോഴിക്കോട് ജില്ലയിൽ മൺസൂൺകാല കടൽ രക്ഷാ പ്രവർത്തനങ്ങൾക്കായി ബേപ്പൂർ ഫിഷറീസ് സ്റ്റേഷനിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്പെഷ്യൽ കൺട്രോൾ റൂം നാളെ പ്രവർത്തനം തുടങ്ങും. മത്സ്യബന്ധനത്തിനിടെ അപകടം സംഭവിച്ചാൽ, അപകടത്തെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ കൺട്രോൾ റൂമിൽ അറിയിക്കണം.

************************************

## ഐ പി എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് ലഖ്നൗ സൂപ്പർ ജയിൻറ്സിനെ നേരിടും. ന്യൂഡൽഹിയിലെ അരുൺ ജയ്റ്റ്ലി സ്റ്റേഡിയത്തിൽ രാത്രി 7.30-നാണ് മത്സരം.

*************************************

## സമ്മാന വിതരണം-ആകാശവാണി

ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം നിലയം ഏപ്രിൽ 24 ന് നടത്തിയ ' ഇതാ ഒരു ചോദ്യം ' ഇലക്ഷൻ സ്പെഷ്യൽ പ്രശ്നോത്തരിയിലെ വിജയികൾക്കുള്ള സമ്മാന വിതരണം ആകാശവാണി അങ്കണത്തിൽ നാളെ ഉച്ചതിരിഞ്ഞ് മൂന്ന് മണിക്ക് നടക്കും. വിജയികൾക്കുള്ള സമ്മാനങ്ങൾ നൽകുന്നത് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയമാണ്.

RNU TVPM

*************************************

## തൊഴിൽ പരിശോധന

സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികളുടെ അവകാശങ്ങൾ ഉറപ്പു വരുത്താൻ ഊർജ്ജിത പരിശോധനക്കൊരുങ്ങി തൊഴിൽ വകുപ്പ്. ലയങ്ങളുടെ ശോച്യാവസ്ഥ, കുടിവെള്ളം, റോഡ്, ചികിത്സാ സംവിധാനങ്ങൾ തുടങ്ങിയവയുടെ ലഭ്യത പരിശോധനയിൽ വിലയിരുത്തും. ലയങ്ങളുടെ സുരക്ഷിതാവസ്ഥയും കുറ്റമറ്റ ശുചീകരണ സംവിധാനങ്ങളും ഉറപ്പാക്കുന്നതിന് പ്രാഥമിക പരിഗണന നൽകുമെന്ന് ലേബർ കമ്മിഷണർ അറിയിച്ചു.

*************************************

## മിൽമ

മിൽമ തെക്കൻ മേഖലയിലെ പ്ലാൻറുകളിൽ ജീവനക്കാരുടെ സമരം. തിരുവനന്തപുരത്തും കൊല്ലത്തും പത്തനംതിട്ടയിലുമാണ് തൊഴിലാളികൾ സമരം ചെയ്യുന്നത്.ഐ എൻ ടി യു സി, സി ഐ

ടി യു എന്നീ സംഘടനകൾ സംയുക്തമായാണ് സമരത്തിൽ പങ്കെടുക്കുന്നത്. ഉയർന്ന തസ്തികയിൽ ഉള്ളവർക്ക് മാത്രം സ്ഥാനക്കയറ്റം നൽകുന്നുവെന്നും നാലുവർഷമായി സാധാരണ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നില്ലെന്നും ആരോപിച്ചാണ് തൊഴിലാളി സംഘടനകൾ സംയുക്ത സമരം ആരംഭിച്ചത്. പ്രശ്നം ഉടനടി പരിഹരിച്ചില്ലെങ്കിൽ മൂന്നു ജില്ലകളിലും പാൽ ക്ഷാമം രൂക്ഷമാകും.

**********************************

**<u>രാമങ്കരി -അവിശ്വാസ പ്രമേയം</u>**

ആലപ്പുഴ രാമങ്കരി പഞ്ചായത്തിൽ കോൺഗ്രസ് കൊണ്ടുവന്ന അവിശ്വാസ പ്രമേയം പാസായതോടെ സി പി എമ്മിന് ഭരണം നഷ്ടമായി. അവിശ്വാസ പ്രമേയത്തെ അനുകൂലിച്ച് മൂന്ന് സി പി എം അംഗങ്ങൾ വോട്ട് ചെയ്തു. തുടർച്ചയായി 25 വർഷത്തെ സി പി എം ഭരണമാണ് ഇതോടെ അവസാനിച്ചത്. രാമങ്കരിയിൽ അടുത്തിടെ പഞ്ചായത്ത് പ്രസിഡന്റ് രാജേന്ദ്രകുമാറിന്റെ പിന്തുണയോടെ ഇരുന്നൂറിധികം പേർ സി പി എം വിട്ട് സി പി ഐയിൽ ചേർന്നിരുന്നു.

RNU TVPM

**********************************

**<u>ശബരിമല</u>**

ഇടവമാസ പൂജ, പ്രതിഷ്ഠാ ദിനം തുടങ്ങിയവയ്ക്കായി ശബരിമല ക്ഷേത്രനട തുറന്നു. ഇടവം ഒന്നായ നാളെ മുതൽ 19 വരെയാണ് പൂജകൾ. 19-ന് സന്നിധാനത്ത് പ്രതിഷ്ഠ ദിന കലശ പൂജ നടക്കും.

*******************************************************************************************************************